മൊഡ്യൂൾ 4

# മിശ്കാത്ത്

യൂത്ത് ലേണിംഗ് ഹബ്ബ്, യൂത്ത് ഇന്ത്യ കുവൈത്ത്

YOUTH INDIA
KUWAIT

# പ്രതിരോധ പ്രവർത്തനങ്ങൾ

നബിയും സംഘവും ഹിജ്റ ചെയ്ത് മദീനയിൽ എത്തിയതിനുശേഷം ഒരു വർഷം പൂർത്തിയാവുന്നതോടെ ഇസ്‌ലാമിന്റെ ശക്തി വർധിച്ചു. ഇസ്‌ലാമിക ജീവിത ക്രമം കൂടുതൽ വ്യവസ്ഥാപിതമായി. ഇസ്‌ലാമിനെ അതിന്റെ പൂർണ്ണതയിലേക്ക് അതിവേഗം അടുപ്പിക്കുന്നതായിരുന്നു മദീനയിലെ സംഭവവികാസങ്ങൾ. ഹിജറ രണ്ടാം ശതകത്തിലാണ് ഇസ്‌ലാമിക ചരിത്രത്തിൽ നിർണായകമായിത്തീർന്ന ഖിബല മാറ്റം നടന്നത്. ബൈതുൽ മുഖദ്ദസിലേക്ക് തിരിഞ്ഞു നിന്നായിരുന്നു നബിയും അനുചരൻമാരും നമസ്കാരം നിർവഹിച്ചിരുന്നത്. ഹിജ്റ രണ്ടാം വർഷം ശഅ്ബാൻ മാസത്തിൽ ഖിബ്‌ല ബൈതുൽ മുഖദ്ദസിൽ നിന്ന് കഅ്ബയിലേക്ക് മാറ്റിക്കൊണ്ട് അല്ലാഹുവിന്റെ ഉത്തരവ് വന്നു. നബി(സ) നമസ്കാരത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കെയാണ് ഈ മാറ്റം ഉണ്ടായത്. ലോകത്തിന്റെ നേതൃത്വം ബനൂഇസ്റാഈല്യരിൽ നിന്ന് മുഹമ്മദ് നബിയുടെ ഉമ്മത്തിലേക്ക് മാറുന്നതിന്റെ പ്രതീകാത്മക സൂചന കൂടിയായിരുന്നു ഖിബ്‌ല മാറ്റം.

ഇസ്‌ലാമിൽ റമദാൻ മാസത്തിലെ നോമ്പ് നിർബന്ധമായതും ഹിജ്റ രണ്ടാം വർഷത്തിലാണ്. സമ്പത്തിന് നിശ്ചിത ശതമാനം നിർബന്ധ ദാനം (സകാത്ത്) നിർബന്ധമായതും ഇതേ വർഷമാണ്. ഈദുൽഫിത്വർ, ഈദുൽ അദ്ഹാ എന്നീ രണ്ടാഘോഷങ്ങൾക്ക് ആരംഭം കുറിച്ചതും ഹിജ്റ രണ്ടാം വർഷത്തിലാണ്. പ്രവാചക പുത്രി ഫാത്വിമ(റ)യും അലിയ്യിബ് അബൂത്വാലിബ്(റ) തമ്മിലുള്ള വിവാഹം മദീനയിൽ വച്ചു നടന്നു. പ്രവാചകനും അബൂബക്കർ സിദ്ദീഖിന്റെ പുത്രി ആഇശ(റ)വും തമ്മിലുള്ള ദാമ്പത്യത്തിനു തുടക്കം കുറിച്ചതും ഈ വർഷത്തിലെ സംഭവങ്ങളിൽപ്പെടുന്നു.

മദീനയിൽ മുസ്‌ലീംകൾ നല്ല നിലയിൽ കഴിയുന്നുവെന്ന വാർത്ത മക്കയിലെ ഖുറൈശികൾക്ക് പ്രയാസമുണ്ടാക്കി. മദീന വഴി വേണം ഖുറൈശികൾക്ക് ശാമിലേക്ക് കച്ചവടച്ചരക്കുകളുമായി പോകാൻ. മദീന മുസ്‌ലീം ശക്തി കേന്ദ്രമായാൽ തങ്ങളുടെ യാത്ര തടസ്സപ്പെടുമോ എന്ന് അവർ ഭയപ്പെട്ടു. മദീനയെ സർവശക്തിയും ഉപയോഗിച്ച് തകർത്താലല്ലാതെ തങ്ങൾക്ക് രക്ഷയില്ല എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നു. മദീനക്കാരിൽ ചിലരെ കൂട്ടുപിടിച്ച് നബിക്കെതിരെ നീക്കങ്ങൾ നടത്താനാണ് ഖുറൈശികൾ ശ്രമിച്ചത്. നബി മദീനയിൽ എത്തുന്നതിനു മുമ്പ് മദീനക്കാരുടെ രാജാവാകാൻ ഒരുങ്ങി നിന്നിരുന്ന അബ്ദുല്ലാഹിബ്നു ഉബയ്യ് തന്റെ മോഹം പൂവണിയാതെ പോയപ്പോൾ വിശ്വാസിയായി നടിക്കുകയും മുസ്‌ലീംകൾക്കെതിരെ ഗൂഢ നീക്കങ്ങൾ നടത്തുകയും ചെയ്തിരുന്നു. ഖുറൈശികൾ ഇയാളുടെ പിന്തുണ തേടി. എന്നാൽ പ്രവാചകന്റെ തന്ത്രപരമായ ഇടപെടൽ കാരണം ഈ പരിപാടി വിജയിച്ചില്ല.

മക്കക്കാരെ തങ്ങളുടെ ആക്രമണപദ്ധതികളിൽ നിന്നു പിന്തിരിപ്പിക്കണമെങ്കിൽ മദീനയ്ക്കെതിരെ തിരിയുന്നത് തങ്ങൾക്ക് വലിയ നഷ്ടമായിരിക്കുമെന്ന് അവരെ ബോധ്യപ്പെടുത്തേണ്ടതുണ്ടെന്ന് നബി മനസ്സിലാക്കി. അതിനാൽ നബി(സ) ചെറിയ സൈനിക സംഘങ്ങളെ അതിർത്തികളിൽ രംഗ നിരീക്ഷണത്തിനായി അയച്ചു കൊണ്ടിരുന്നു. ചെങ്കടൽ തീരത്തുള്ള 'അൽ ഈസ് എന്ന സ്ഥലത്തേക്ക് ഹംസ (റ)ന്റെ നേതൃത്വത്തിൽ മുപ്പതംഗ സംഘത്തെ നബി നിയോഗിച്ചു. ഉബൈദതുബ്നു ഹാരിസ് (റ)ന്റെ നേതൃത്വത്തിൽ എൺപതു പേരടങ്ങുന്ന മറ്റൊരു സംഘത്തെ ഹിജാസ് താഴ്വരയിലേക്കും നബി അയച്ചു. നബി (സ)യുടെ നേരിട്ടുള്ള നേതൃത്വത്തിൽ ഒരു സംഘം അബവാഇലേക്കു പുറപ്പെട്ടു. ബുവാത്വ്, ഉശൈറ എന്നീ സ്ഥലങ്ങളിലേക്കും നബിയുടെ നേതൃത്വത്തിൽ നിരീക്ഷക സേന യാത്ര തിരിക്കുകയുണ്ടായി. മദീന ആക്രമിക്കാനുള്ള ശ്രമത്തിൽ നിന്ന് മക്കാ നിവാസികളെ

പിന്തിരിപ്പിക്കുന്നതിനുളള നീക്കങ്ങളായിരുന്നു ഇവ. അതിർത്തിയിലെ ഗോത്ര ങ്ങളുമായി സഖ്യം സ്ഥാപിക്കാൻ യാത്രകൾ നബിയെ സഹായിച്ചു.

ഖുറൈശികളുമായി സഖ്യത്തിലായിരുന്ന കർസ്ബ്നു ജാബിൽ ഫിഹ്രി എന്നയാൾ മദീനക്കാരുടെ ആടുകളെയും ഒട്ടകളെയും മോഷ്ടിച്ചു രക്ഷപ്പെട്ടു. ഇയാളെ അന്വേഷിച്ച് നബിയും സംഘവും ബദറിനടുത്തുള്ള സഫാൻ താഴ്‌വര വരെയെത്തി. പക്ഷെ ഫിഹ്‌രിയെ പിടികൂടാനായില്ല. ഒന്നാം ബദർ യുദ്ധം എന്നാണ് സംഭവം ചരിത്രത്തിൽ അറിയപ്പെടുന്നത്.

മക്കക്കും ത്വാഇഫിനുമിടയിലുള്ള നഖ്‌ലയിലേക്ക് അബ്ദുല്ലാഹിബ്നു ജഹ്ശിന്റെ നേതൃത്വത്തിൽ ഒരു നിരീക്ഷണ സംഘത്തെ നബി അയച്ചു. നഖ്‌ലയിൽ വച്ച് ഈ സംഘം ഖുറൈശി വ്യാപാരി സംഘവുമായി ഏറ്റുമുട്ടി. നബി(സ) ഇങ്ങനെയൊരു സംഘട്ടനത്തിന് അനുവാദം നൽകിയിരുന്നില്ല. മുസ്‌ലീംകളുടെ അസ്ത്ര പ്രയോഗത്തിൽ ഖുറൈശിയായ അംറ്ബ്നു ഹള്റമി കൊല്ലപ്പെട്ടു. രണ്ടു ഖുറൈശികളെ മുസ്‌ലീംകൾ ബന്ദികളാക്കി. സ്വത്തുക്കൾ കണ്ടുകെട്ടി. മദീനയിൽ മടങ്ങിച്ചെന്ന അബ്ദുല്ലാഹിബ്നു ജഹ്ശിനെയും സംഘത്തെയും നബി ശാസിച്ചു. ബന്ദികളെ വിട്ടയച്ചു. ഖുറൈശികൾ മുസ്‌ലീംകളോട് ചെയ്ത് ദ്രോഹങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ ഈ സംഭവം ഗുരുതരമല്ല എന്നു ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. (അൽബഖറ 217)

## യുദ്ധത്തിന് അനുമതി

ഇക്കാലമത്രയും ശത്രുക്കളുടെ മർദനങ്ങൾ ക്ഷമാപൂർവം സഹിച്ച മുസ്‌ലീംകൾക്ക് വേണമെങ്കിൽ തിരിച്ചാക്രമിക്കാനുള്ള അനുവാദം അല്ലാഹു നൽകി. സൂറതുൽ ഹജ്ജിലെ മുപ്പത്തി ഒമ്പതാം സൂക്തമാണ് ഈ അനുവാദം മുസ്ലിംകൾക്കു നൽകിയത്.

'അന്യായമായി ആക്രമിക്കപ്പെടുന്ന മുസ്‌ലീംകൾക്ക് അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ പ്രാപ്തനാകുന്നു."

മുസ്‌ലീംകളെ ഉൻമൂലനാശം വരുത്താൻ ശത്രുക്കൾ പദ്ധതിയിട്ടതു കൊണ്ടാണ് മുസ്‌ലീംകൾ തിരിച്ചു യുദ്ധം ചെയ്യാൻ നിർബന്ധിതരായത്. മുസ്‌ലീംകളെ മർദ്ദിക്കുകയും വിശ്വാസത്തിൽ നിന്ന് ബലം പ്രയോഗിച്ച് പിൻതിരിപ്പിക്കുകയും ചെയ്യുക ഖുറൈശികളുടെ പതിവായിരുന്നു.

നബി(സ)യെയും അനുചരൻമാരെയും സ്വദേശം വിടാൻ മുശ്‌രിക്കുകൾ നിർബന്ധിതരാക്കുകയായിരുന്നു. മദീനയിലും മുസ്‌ലീംകളെ സ്വസ്ഥമായി ജീവിക്കാൻ ഖുറൈശികൾ അനുവദിച്ചിരുന്നില്ല. സാഹചര്യങ്ങളാണ് അവരോട് യുദ്ധം ചെയ്യൽ അനിവാര്യമാക്കിത്തീർത്തത്. കരാർ ലംഘിച്ച് ശത്രുക്കളെ സഹായിക്കുന്നവരോടും യുദ്ധം ചെയ്യേണ്ട പരിതഃസ്ഥിതി വന്നു ചേർന്നു. ഇസ്‌ലാമിക ചരിത്രത്തിൽ തുടർന്നു കാണുന്ന യുദ്ധ പരമ്പരയുടെ കാരണം ഇതത്രെ.

# സ്വഹാബി പരിചയം

## അബൂദർറുൽ ഗിഫാരി (റ)

ഗിഫാരി ഗോത്രക്കാരനായ അബൂദർറ് വിജനമായ മരുഭൂമിയിലൂടെ ദീർഘ യാത്ര ചെയ്ത് മക്കയിലെത്തി.

കഅബയിലെ വിഗ്രഹങ്ങളെ ആരാധിക്കാനെത്തിയ ഒരു തീർത്ഥാടകനെ പോലെ വേഷപ്രച്ഛന്നനായി ആ വിദേശി പ്രവാചകനെകുറിച്ചു രഹസ്യമായി ചോദിച്ചറിഞ്ഞു.

ആരുമറിയാതെ നബിയുടെ സദസ്സിൽ കേറിചെന്നു ജാഹിലിയ്യാ രൂപത്തിൽ നബി(സ)യെ അഭിവാദ്യം ചെയ്തു.

സത്യം പുൽകുവാനുള്ള ഉൽക്കടമായ അഭിനിവേശം നിമിത്തം ആ ദീർഘയാത്രയുടെ ക്ഷീണവും അവശതയും അദ്ദേഹം അറിഞ്ഞിരുന്നില്ല.

അബൂദർറ് നബി(സ)യോട് പറഞ്ഞു:

"നിങ്ങളുടെ ആ കവിത ഒന്നു പാടി കേൾപ്പിക്കു."

നബി(സ) പറഞ്ഞു: "അത് കവിതയല്ല ഖുർആനാണ്."

അബൂദർറ്: എങ്കിൽ അതൊന്ന് ഓതി കേൾപ്പിച്ചു തരൂ.

നബി (സ) ഏതാനും സൂക്തങ്ങൾ ഓതി.

അബൂദർറ് ഉച്ചത്തിൽ സാക്ഷ്യ വചനം മൊഴിഞ്ഞു:

'അശ്ഹദു അൻലാഇലാഹ ഇല്ലല്ലാ വഅശ്ഹദു അന്ന മുഹമ്മദൻ റസൂലുല്ലാഹ്'

അദ്ദേഹം ചോദിച്ചു: നബിയെ ഞാൻ ഇനി എന്തു വേണം?

നബി (സ) പറഞ്ഞു: നീ നിന്റെ ജനതയിലേക്ക് മടങ്ങി പോവുക. എന്റെ കൽപന വരുന്നത് വരെ അവിടെ താമസിക്കുക.

അബൂദർറ്(റ) പറഞ്ഞു: എനിക്ക് മടങ്ങിപോകുന്നതിന്ന് മുമ്പ് കഅ്ബയിൽ പോയി ഈ കാര്യമൊന്നു ഉച്ചത്തിൽ പ്രഖ്യാപിക്കണം.

അദ്ദേഹം കഅ്ബയിൽ പോയി സാക്ഷ്യ വചനം ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. അത് കേട്ട ശത്രുക്കൾ അദ്ദേഹത്തെ വളഞ്ഞു. കിരാതമായി ആക്രമിച്ചു. അദ്ദേഹം പ്രജ്ഞയറ്റു വീണു.

അബ്ബാസുബ്നു അബ്ദിൽ മുത്വലിബ് അവിടെ ഓടിയെത്തി. അവരെ തടഞ്ഞു. അദ്ദേഹം ഖുറൈശികളോടു പറഞ്ഞു. ' ദേശാടനം ചെയ്ത് കച്ചവടം നടത്തുന്നവരാണ് നിങ്ങൾ. ഇദ്ദേഹം ഗിഫാർ ഗോത്രക്കാരനാണ്. അവരുടെ നാട്ടിലൂടെയാണ് നിങ്ങളുടെ യാത്ര. ഇദ്ദേഹത്തെ ഇവിടെയിട്ടു അക്രമിച്ചാൽ അവർ നിങ്ങളുടെ യാത്ര തടയും, കച്ചവടം മുടങ്ങും . നല്ലവണ്ണം ഓർത്തിട്ടുമതി.'

ആക്രമികൾ പിരിഞ്ഞുപോയി.

വർഷങ്ങൾക്കു ശേഷം. ഒരു ദിവസം നബി (സ) മദീനയിൽ ഇരിക്കുകയായിരുന്നു. ഒരു മഹാപുരുഷാരം മദീനയിലേക്ക് ഘോഷയാത്രയായി വരുന്നത് അവർ കണ്ടു. ഒട്ടകപ്പുറത്തും കുതിരപ്പുറത്തും കാൽനടക്കാരുമായ ആബാലവൃദ്ധം ജനങ്ങൾ തക്ബീർ മുഴക്കിക്കൊണ്ടായിരുന്നു മദീനയെ സമീപിച്ചിരുന്നത്.

മക്കയിൽ ഏകനായിവന്ന് ഇസ്‌ലാം മതമാശ്ലേഷിച്ചു മടങ്ങിയ അബൂദർറ് (റ) ആയിരുന്നു ആ സംഘത്തിന്റെ നേതാവ്.

മദീനയിലെ മുസ്‌ലീംകൾ സന്തോഷഭരിതരായി. നബി (സ) അവരെ ആദരപൂർവ്വം സ്വീകരിച്ചു കൊണ്ട് പറഞ്ഞു

'ഗിഫാരികൾക്ക് അല്ലാഹു പൊറുത്തുകൊടുക്കട്ടെ

അസ്‌ലം ജനതയ്ക്കു രക്ഷ നൽകട്ടെ'

തബൂക്കിലേക്ക് മുസ്‌ലീം സൈന്യം പുറപ്പെട്ടു. നബി (സ) നേരിട്ടായിരുന്നു സൈന്യം നയിച്ചിരുന്നത്. ക്ലേശം നിറഞ്ഞ ഒരു യാത്രയായിരുന്നു അത്. അബൂദർറ് (റ) മെലിഞ്ഞു ഒട്ടിയ ഒരു ഒട്ടകപ്പുറത്തായിരുന്നു യാത്ര ചെയ്തിരുന്നത്. ഒട്ടകം മെല്ലെമെല്ലെ നടന്നു. അത് കൂടെക്കൂടെ ക്ഷീണിച്ചു. അദ്ദേഹം വളരെ പിന്നിലായി. കൂട്ടുകാർ അദ്ദേഹത്തെ ഉപേക്ഷിച്ച മട്ടായി.

അബൂദർറ് (റ) വഴിമധ്യേ ഒട്ടകപ്പുറത്ത് നിന്നിറങ്ങി. ഭാണ്ഡം ചുമലിലേറ്റി കാൽനടയായി യാത്ര തുടർന്നു.

രാതി നബി (സ)യും കൂട്ടുകാരും യാത്ര നിർത്തി വിശ്രമിച്ചു. പുലർച്ചയോടെ വീണ്ടും യാത്ര തുടങ്ങാനുള്ള ഒരുക്കമായി. അങ്ങകലെ ഒരു കറുത്ത ബിന്ദുപോലെ ഒരാൾരൂപം കാൽനടയായി നടന്നുവരുന്നത് അവർ കണ്ടു.

അത് അബൂദർറ് (റ) ആയിരുന്നു.

ആ ധൈര്യശാലിയായ സാഹസികനെ നോക്കി നബി (സ) പറഞ്ഞു.

'അല്ലാഹു അബൂദർറിന്ന് കരുണ ചെയ്യട്ടെ, ഏകനായി അദ്ദേഹം നടന്നു വരുന്നു. കൂട്ടുകാരില്ലാതെയായിരിക്കും അദ്ദേഹം മരിക്കുക. കൂട്ടുകാരില്ലാതെ ഉയിർത്തെഴുന്നേൽപിക്കപ്പെടുകയും ചെയ്യും.'

ഒരിക്കൽ നബി (സ) അദ്ദേഹത്തോടു പറഞ്ഞു. "അബൂദർറേ, എനിക്കു ശേഷം പൊതുമുതൽ സ്വായത്തമാക്കുന്ന ഭരണാധികാരികൾ വന്നേക്കാം.

എങ്കിൽ നീ എന്തു ചെയ്യും?"

അദ്ദേഹം പറഞ്ഞു: "ഞാൻ അവരെ എന്റെ വാളിനിരയാക്കും.'

നബി (സ) പറഞ്ഞു: "അരുത്"

പരലോകത്തിൽ വെച്ചു നാം തമ്മിൽ കാണുന്നത് വരെ നീ ക്ഷമിക്കുക. അതാണ് നിനക്കുത്തമം.

അബൂദർറിന്റെ ഭാവിജീവിതത്തെ ആ ഉപദേശം ശരിക്കും സ്വാധീനിച്ചു. പിൽക്കാല സംഭവങ്ങൾ അത് തെളിയിക്കുന്നു.

ഐഹികവിരക്തിപൂണ്ട യോഗിവര്യനായിരുന്നു അബൂദർറ്. സമ്പത്തിന്റെയും സമ്പന്നന്റെയും ശ്രതുവായിരുന്നു അദ്ദേഹം. ഭരണാധികാരികളുടെയും കുബേരന്മാരുടെയും വീടുവീടാന്തരം അദ്ദേഹം കയറിയിറങ്ങി, ഉയർന്ന് നിൽക്കുന്ന മണിമാളികകൾക്കും കുന്നുകൂടിയ സമ്പത്തിനുമെതിരെ അബൂദർറ് (റ) തന്റെ മൂർച്ചയേറിയ നാവ്കൊണ്ടു പടപൊരുതി.

"സ്വർണ്ണവും വെള്ളിയും സംഭരിച്ചുവെച്ചവരോട് (നബിയേ) സന്തോഷ വാർത്തയറിയിക്കുക. (അന്ത്യനാളിൽ) അത് തീയിൽപഴുപ്പിച്ച് അത്കൊണ്ട് നെറ്റിയും പാർശ്വങ്ങളും ചുടുവെക്കപ്പെടുന്നതാണ്.' എന്ന് ഖുർആൻ സൂക്തമോതി അദ്ദേഹം എല്ലാവരെയും താക്കീതു ചെയ്തുകൊണ്ടിരുന്നു.

നബി (സ) നിര്യാതനായി. അബൂബക്കറിന്റെയും ഉമറിന്റെയും ഭരണകാലം കഴിഞ്ഞു. നീതിയും സമ്പത്തും ഒരുപോലെ ഇസ്‌ലാമിക ലോകത്ത് നിറഞ്ഞൊഴുകി. ഉസ്മാൻ (റ)ന്റെ ഭരണകാലത്ത് ചില അനർത്ഥങ്ങൾ തല പൊക്കാൻ തുടങ്ങി.

അന്ന് അബൂദർറ് (റ) സിറിയയിലേക്ക് പോയി, അദ്ദേഹത്തിന്റെ ആഗമനമറിഞ്ഞ സിറിയക്കാർ അത്യധികം ആദരവോടെ അദ്ദേഹത്തെ എതിരേറ്റു. പ്രവാചകരുടെ അടുത്ത കൂട്ടാളിയാണല്ലോ. അവിടത്തുകാർക്ക് അത് ഉത്സവ പ്രതീതി ജനിപ്പിച്ചു.

സിറിയയിൽ അന്ന് മുആവിയയായിരുന്നു ഗവർണ്ണർ. അദ്ദേഹത്തിന്റെ ആഡംബരപൂർണ്ണമായ ജീവിതത്തെ അബൂദർറ് ചോദ്യം ചെയ്തു.

മക്കയിൽ മുആവിയ താമസിച്ചിരുന്ന വസതിയും ഇന്ന് സിറിയയിലെ അദ്ദേഹത്തിന്റെ കൊട്ടാരവും താരതമ്യപ്പെടുത്തി വിമർശിച്ചു.

മുആവിയയുടെ കൂടെയുണ്ടായിരുന്ന സഹാബിമാരോട് അദ്ദേഹം ചോദിച്ചു:

'ദൈവമാർഗത്തിൽ ചിലവഴിക്കാതെ സംഭരിച്ചുവെക്കുന്നവർക്ക് വേദനാജനകമായ ശിക്ഷയുണ്ടെന്ന് ഖുർആന്റെ താക്കീത് നിങ്ങൾക്ക് അറിയില്ലേ.'

'ഒരുനാൾ നരകത്തീയിൽ അവ ചൂടുപിടിപ്പിക്കപ്പെടും. അവരുടെ മുതുകും പാർശ്വങ്ങളും നെറ്റിയും അത്കൊണ്ട് മൂടിവെക്കപ്പെടും, ഇതാ നിങ്ങൾ, നിങ്ങൾക്ക് വേണ്ടി സംഭരിച്ചത് നിങ്ങൾ രുചിച്ചുകൊള്ളുവിൻ എന്ന് അവരാട് പറയപ്പെടുകയും ചെയ്യും'

ഇത്തരം ആയത്തുകളൊന്നും നിങ്ങൾ ഖുർആനിൽ കണ്ടിട്ടില്ലേ?

മുആവിയ (റ) പറഞ്ഞു: "ഈ ആയത്തുകളെല്ലാം ജൂത ക്രിസ്തീയ ജനതയെകുറിച്ച് അവതരിച്ചതാകുന്നു."

അബൂദർറ് (റ) പറഞ്ഞു: 'അല്ല, ഇത് നമുക്കും ബാധകമാകുന്നു."

അദ്ദേഹം സദസ്സ്യരെ അഭിസംബോധന ചെയ്തു. അവരെ ഉപദേശിച്ചു. അത്യാവശ്യത്തിലധികം കൈവശംവെച്ച എല്ലാവരും അതു ദൈവമാർഗത്തിൽ കെവെടിയണം. പൊതുജനങ്ങൾ അബൂദർറിന്റെ പ്രസംഗങ്ങളിൽ ആവേശ ഭരിതരായി. സിറിയയിൽ അത് നാശം വിതക്കുമോ എന്ന് മുആവിയ (റ) ഭയപ്പെട്ടു. പക്ഷേ അബൂദർറിനെ എന്ത് ചെയ്യാൻ കഴിയും? അദ്ദേഹം ഖലീഫ ഉസ്മാൻ (റ)ന്ന് കത്തെഴുതി. "അബൂദർറ് (റ) സിറിയയിൽ നാശം വിതക്കുന്നുണ്ട്, അതുകൊണ്ട് അദ്ദേഹത്തെ മദീനയിലേക്ക് മടക്കിവിളിക്കണം.

ഉസ്മാൻ (റ) അദ്ദേഹത്തെ മദീനയിലേക്ക് വിളിച്ചു. അവിടെ തന്റെ കൂടെ സ്വസ്ഥനായി ജീവിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്ന് എല്ലാ ജീവിത സൗകര്യങ്ങളും വാഗ്ദത്തം ചെയ്യുകയും ചെയ്തു.

അബൂദർറ് (റ) പറഞ്ഞു: "എനിക്ക് നിങ്ങളുടെ സുഖസൗകര്യങ്ങളൊന്നുമാവശ്യമില്ല, വിജനമായ ഒരു സ്ഥലത്ത് ഏകാന്തനായി എന്നെ ജീവിക്കാൻ അനുവദിച്ചാൽ മതി, ' ഖലീഫയുടെ അനുവാദ പ്രകാരം അദ്ദേഹം റബ്ദയിൽ പോയി താമസമാക്കി. മദീനയുടെ അടുത്തുള്ള വിജനമായ ഒരു പ്രദേശ മായിരുന്നു റബ്ദ

തന്റെ ഗുരുവര്യനായ നബി(സ)യെ കണ്ടുമുട്ടുന്നത് വരെ ക്ഷമിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചു. സ്വസ്ഥനായി ജീവിതം നയിച്ചു.

മുസ്ലീം ഭരണകൂടത്തോടും നേതൃത്വത്തോടും വെറുപ്പോ അവഗണനയോ അദ്ദേഹത്തിന്നു ണ്ടായിരുന്നില്ല. നല്ല കൂറും ഭക്തിയും പ്രകടിപ്പിച്ചു.

ഒരിക്കൽ കൂഫയിൽ നിന്ന് ഒരു നിവേദകസംഘം റബ്ദയിൽ വന്ന് അദ്ദേഹത്തെ സന്ദർശിച്ചു. ഖലീഫ ഉസ്മാനെതിരെ അവർക്ക് നേതൃത്വം കൊടുക്കാൻ ആവശ്യപ്പെട്ടു.

അബൂദർറ് (റ) പറഞ്ഞു: "അല്ലാഹുവാണ് സത്യം, ഉസ്മാൻ എന്നെ മലയുടെ മുകളിൽ കൊണ്ടുപോയി ഒരു കുരിശുനാട്ടി അതിന്മേൽ തറച്ചാലും ക്ഷമയും അനുസരണവും കൈക്കൊ ള്ളുന്നതാണ് നാളെ ദൈവസന്നിധിയിൽ എനിക്ക് ഉത്തമം. '

തന്റെ കൂട്ടുകാരായ സഹാബിമാർ ഭരണനേതൃത്വം ഏറ്റെടുക്കുന്നത് അദ്ദേഹത്തിന്ന് ഇഷ്ട മായിരുന്നില്ല. അദ്ദേഹം പറയുമായിരുന്നു:

"ഭരണാധികാരത്തെകുറിച്ച് നബി(സ) ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അത് ഒരു അമാനത്താണ്. അതിന്റെ ബാധ്യതയും ഉത്തരവാദിത്വവും പാലിക്കാത്തവനെ സംബന്ധിച്ചേടത്തോളം അത് അന്ത്യനാളിൽ നിന്ദ്യവും ദുഃഖജനകവുമായിത്തീരും.

ഒരുദിവസം അബൂമൂസൽ അശ്അരി (റ) അദ്ദേഹത്തെ കണ്ടു.

അനന്ദാതിരേകത്താൽ കൈവീശിക്കൊണ്ട് അദ്ദേഹം അടുത്തുചെന്നു പറഞ്ഞു:

സ്നേഹിതാ സ്വാഗതം!

അബൂദർറേ സ്വാഗതം!

അബൂദർറ് (റ) പറഞ്ഞു: "നീ എന്റെ സ്നേഹിതനല്ല. നീ ഇന്ന് ഭരണാധികാരിയാണ്. ഞാൻ ഭരണാധികാരികളെ വെറുക്കുന്നു.

ഒരിക്കൽ, പഴകി ജീർണ്ണിച്ച നീളൻ കുപ്പായമണിഞ്ഞതുകണ്ട് ഒരു സ്നേഹിതൻ അദ്ദേഹത്തോട് ചോദിച്ചു: "നിങ്ങൾക്ക് ഇത് കൂടാതെ വസ്ത്രമില്ലേ? ഇത് കീറിപറിഞ്ഞിരിക്കുന്നല്ലോ!"

അദ്ദേഹം പറഞ്ഞു: "ഉണ്ടായിരുന്നു. അത് ഞാൻ മറ്റു ആവശ്യക്കാർക്ക് നൽകി."

സ്നേഹിതൻ : "നിങ്ങൾക്ക് തന്നെ ആവശ്യമുണ്ടായിരിക്കെ മറ്റുള്ളവർക്ക് നൽകുകയോ

അബൂദർറ്; "എനിക്കോ? നോക്കു ഞാനിന്ന് ഏത്ര സൗഭാഗ്യവാനാണ്. ഇത് കൂടാതെ ജുമു അക്കു ധരിക്കാൻ എനിക്ക് മറ്റൊരു വസത്രം കൂടിയുണ്ട്. പാൽ കുടിക്കാൻ ഒരു ആടും വാഹനമായി ഒരു കഴുതയും. ഞാനിന്നെത്ര അനുഗ്യഹീതനാണ്.'

അദ്ദേഹം പറഞ്ഞു: എന്റെ പ്രിയങ്കരനായ സ്നേഹിതൻ നബി (സ) ഏഴു കാര്യങ്ങൾ എന്നോട് വസിയ്യത്ത് ചെയ്തിരുന്നു.

അഗതികളെ സ്നേഹിക്കുകയും സഹായിക്കുകയും ചെയ്യുക.

അന്യരോട് ഒന്നുംതന്നെ ആവശ്യപ്പെടാതിരിക്കുക.

തന്നിൽതാഴെയുള്ളവരെ നോക്കി ജീവിക്കുക, വലിയവരെ കുറിച്ച് ചിന്തിക്കാതിരിക്കുക.

കൂടുംബബന്ധങ്ങൾ മെച്ചപ്പെടുത്തുക.

തിക്തമായാലും സത്യം പറയുക.

അല്ലാഹുവിന്റെ മാർഗത്തിൽ ഒരാളുടെ ആക്ഷേപവും ഭയപ്പെടാതിരിക്കുക.

എപ്പോഴും 'ലാ ഹൗല വലാഖുവ്വത്ത് ഇല്ലാബില്ല' എന്ന് പറഞ്ഞുകൊണ്ടിരിക്കുക.

വിജനമായ റബ്ദയിൽ, മരണപാരവശ്യത്തിൽ കഴിയുകയായിരുന അബൂദർറ് (റ). കൂട്ടിന്ന് ഒരു കുട്ടി മാത്രമുള്ള അബലയായ ഭാര്യ കണ്ണീർ വാർത്തു. അബൂദർറ് (റ) ചോദിച്ചു. 'എന്തിനാണ് നീ കരയുന്നത്.? മരണം എല്ലാവർക്കുമുള്ളതല്ലേ.?'

അവർ പറഞ്ഞു: 'അങ്ങ് മരിക്കുന്നു. കഫൻ ചെയ്യാൻ മതിയായ ഒരു തുണിപോലും ഇവിടെയില്ല! ഈ മരുഭൂമിയിൽ എനിക്ക് സഹായത്തിന് മറ്റൊരാളുമില്ല.'

നിസ്സംഗതാഭാവത്തിൽ അദ്ദേഹം പറഞ്ഞു: 'നീ ഭയപ്പെടേണ്ട, ഞങ്ങൾ ഒരിക്കൽ നബി (സ)യുടെ അടുത്ത് ഇരിക്കുകയായിരുന്നു. നബി (സ) ഞങ്ങളോട് പറഞ്ഞു. നിങ്ങളിലൊരാൾ വിജനമായ ഒരു മരുഭൂമിയിൽവെച്ചായിരിക്കും മരണമടയുക. ഒരു സംഘം മുസ്‌ലീംകൾ അവിടെ യാദൃച്ഛികമായി എത്തിപ്പെടും. അവർ മയ്യിത്ത് മറവുചെയ്യുകയും ചെയ്യും.

അന്നു നബി(സ)യുടെ സദസ്സിലുണ്ടായിരുന്ന എന്റെ മറ്റെല്ലാ കൂട്ടുകാരും നേരത്തെതന്നെ മരിച്ചുകഴിഞ്ഞിരിക്കുന്നു. ഇനി ഞാൻ മാത്രം അവശേഷിക്കുന്നുള്ളു. അത്കൊണ്ട് ഞാനിവിടെവെച്ചു മരിക്കും, എന്നെ മറവുചെയ്യാൻ ഇവിടെ ആളുകൾ വന്നെത്തുകയും ചെയ്യും!'

നബി (സ)യുടെ പ്രവചനം സാക്ഷാൽക്കരിച്ചു. അബൂദർറ് (റ) അവിടെ വച്ചു അന്ത്യശ്വാസം വലിച്ചു.

അബ്ദുല്ലാഹിബ്നു മസ്ഊദി (റ)ന്റെ നേതൃത്വത്തിൽ ഒരു സംഘം യാദൃച്ഛികമായി അവിടെ എത്തി.

അവർ ആ മൃതദേഹമെടുത്തു മറവുചെയ്യുകയും ചെയ്തു.

# ഹദീസ് പഠനം

## ഖുർആൻ പഠനവും പ്രതിഫലവും

عَنْ بُرَيْدَةَ رَضِيَ اللهُ عَنْهُ قَالَ: قَالَ رَسُولُ اللهِ ﷺ : مَنْ قَرَأَ الْقُرْآنَ وَتَعَلَّمَهُ وَعَمِلَ بِهِ , أُلْبِسَ يَوْمَ الْقِيَامَةِ تَاجًا مِنْ نُورٍ، ضَوْؤُهُ مِثْلُ ضَوْءِ الشَّمْسِ، وَيُكْسَى وَالِدَيْهِ حُلَّتَانِ لَا يُقَوَّمُ بِهِمَا الدُّنْيَا، فَيَقُولَانِ: بِمَ كُسِينَا هَذَا؟ فَيُقَالُ: بِأَخْذِ وَلَدِكُمَا الْقُرْآنَ.

**ബുറൈദ(റ)യിൽ നിന്ന്: പ്രവാചകൻ (സ) പറഞ്ഞു: "ഒരാൾ ഖുർആൻ വായിക്കുകയും പഠിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അന്ത്യനാളിൽ സൂര്യനെ പോലെ പ്രകാശിക്കുന്ന ഒരു കിരീടം അവന്റെ ശിരസ്സിൽ അണിയിക്കപ്പെടുന്നതാണ്. അവന്റെ മാതാപിതാക്കൾ രണ്ടു ജോഡി വസ്ത്രങ്ങൾ ധരിപ്പിക്കപ്പെടും; ഐഹികലോകം മുഴുവൻ ചേർന്നാലും അവയ്ക്ക് തുല്യമാവുകയില്ല. അവർ ചോദിക്കും: 'എന്തിന്റെ പേരിലാണ് ഈ വസ്ത്രങ്ങൾ ഞങ്ങൾക്ക് അണിയിക്കപ്പെട്ടിരിക്കുന്നത്? അവരോട് പറയപ്പെടും: 'നിങ്ങളുടെ മക്കൾ ഖുർആൻ പഠിച്ചതു കാരണത്താൽ!'**

ഖുർആൻ വായിക്കുകയും പഠിക്കുകയും അതനുസരിച്ച് ജീവിതം ക്രമീകരിക്കുകയും ചെയ്യുന്ന സച്ചരിതരായ ദൈവദാസന്മാർക്ക് അന്ത്യനാളിൽ ലഭിക്കുന്ന പ്രതിഫലമെന്തെന്ന് വ്യക്തമാക്കുന്ന തിരുവചനമാണിത്. ഇതര ഗ്രന്ഥങ്ങളെപ്പോലെയുള്ള ഒരു ഗ്രന്ഥമല്ല ഖുർആൻ. മനുഷ്യരുടെ മാർഗദർശനത്തിനായി പ്രപഞ്ച സ്രഷ്ടാവ് കനിഞ്ഞേകിയ ദിവ്യബോധനങ്ങളുടെ സമാഹാരമാണത്. 'ദിവ്യഗ്രന്ഥം' എന്നതാണ് ഖുർആന്റെ മഹത്ത്വവും സവിശേഷതയും. 'മനുഷ്യന് വഴി കാണിച്ചുകൊടുക്കുന്ന ഗ്രന്ഥ'മെന്നും 'വെളിച്ച'മെന്നും 'ഉത്ബോധന'മെന്നും 'ആത്മാവെ'ന്നും 'സത്യാസത്യ വിവേചക'മെന്നും അങ്ങനെ പല പേരുകളിൽ ഖുർആൻ സ്വയം പരിചയപ്പെടുത്തിയിട്ടുണ്ട്. ഖുർആൻ ഉൾക്കൊള്ളുന്ന ശ്രേഷ്ഠതയുടെയും ഗാംഭീര്യത്തിന്റെയും ആഴം അല്ലാഹു ഇപ്രകാരം വ്യക്തക്കുന്നു: "നാം ഈ ഖുർആനെ ഒരു പർവതത്തിന്റെ മുകളിലായിരുന്നു ഇറക്കിയിരുന്നതെങ്കിൽ ദൈവഭയത്താൽ അത് പിളർന്നു തകരുന്നത് നിനക്ക് കാണാൻ കഴിയുമായിരുന്നു. ഈ ഉദാഹരണങ്ങൾ ജനത്തിനു നാം വിവരിച്ചുതരുന്നത് അവർ അതിനെക്കുറിച്ച് ചിന്തിക്കേണ്ടതിനാകുന്നു." (അൽഹശ്ർ; 21).

അല്ലാഹുവിന്റെ വചനത്തെ അർഹമായ ഗൗരവത്തോടെ ആദരിക്കുകയും പരിഗണിക്കുകയും ചെയ്യുക എന്നത് ഖുർആനോടുള്ള വിശ്വാസിക ളുടെ പ്രാഥമിക ബാധ്യതകളിൽ പെട്ടതാണ്. ഖുർആൻ പഠനവും പാരായണവുമെല്ലാം ശ്രഷ്ഠമായ പുണ്യകർമങ്ങളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് അതു കൊണ്ടാണ്.

നബി (സ) പറഞ്ഞു:

خَيْرُكُمْ مَنْ تَعَلَّمَ الْقُرْآنَ وَعَلَّمَهُ

നിങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനാണ്.'

അബൂഹുറയ്റ (റ) ഉദ്ധരിക്കുന്ന ഒരു തിരുവചനം ഇപ്രകാരമാണ്:

വല്ലവരും അല്ലാഹുവിന്റെ ഭവനങ്ങളിലൊന്നിൽ ഒരുമിച്ചുകൂടുകയും ദൈവിക ഗ്രന്ഥം പാരായണം നടത്തി ചർച്ച ചെയ്ത് പഠിക്കുകയും ചെയ്താൽ അവരിൽ അല്ലാഹുവിന്റെ ശാന്തി വർഷിക്കുകയും ദൈവകാരുണ്യം അവരെ പൊതിയുകയും ചെയ്യും. മാലാഖമാർ അവരെ വലയം ചെയ്തിട്ടുണ്ടാവും. അല്ലാഹു തന്റെ സമീപത്തുള്ളവരോട് അവരെക്കുറിച്ച് സംസാരിക്കുകയും ചെയ്യും.

ഖുർആൻ പാരായണം ചെയ്യുന്ന വിടുകളിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നിറയുമെന്നും പിശാചുക്കൾ അവിടെനിന്നു വിരണ്ടോടുമെന്നും ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീസുകളിൽ കാണാം.

ഖുർആൻ പാരായണം പോലെത്തന്നെ ഏറെ പ്രധാനവും പ്രതിഫലാർഹവുമാണ് ഖുർആൻ മനഃപാഠമാക്കലും. ഹൃദയത്തിൽ അൽപം പോലും ഖുർആനില്ലാത്തവരെ തകർന്നടിഞ്ഞതും ആൾപ്പാർപ്പില്ലാത്തതുമായ വീടുകളോടാണ് പ്രവാചകൻ (സ) ഉപമിച്ചിരിക്കുന്നത്. അവിടുന്ന് പറഞ്ഞു.

'ഖുർആനിൽനിന്ന് ഒന്നുംതന്നെ ഹൃദയത്തിലില്ലാത്തവൻ ശൂന്യമായ ഭവനം പോലെയാണ്.' അത്തരം വീടുകളിൽ ചിലന്തികളും ഇഴജന്തുക്കളും ഉപദ്രവകാരികളായ മറ്റനേകം ജീവജാലങ്ങളും കൂടുകെട്ടി താമസമാക്കിയിട്ടുണ്ടാവും.

ഖുർആനില്ലാത്ത ഹൃദയങ്ങൾ തെറ്റുകുറ്റങ്ങളുടെ മാറാലകളും പൈശാചികതയുടെ വിഷബീജങ്ങളും നിറഞ്ഞ് തിന്മയിൽ ആഴ്ന്നുവീണ് കിടക്കുകയായിരിക്കുമെന്നാണ് നബി (സ) ഓർമിപ്പിക്കുന്നത്. അനസുബ്നു മാലിക് (റ) നിവേദനം ചെയ്യുന്നു.

റസൂൽ (സ) പറഞ്ഞു: 'ജനങ്ങളിൽ അല്ലാഹുവിന് ഏറെ പ്രിയങ്കരരായ ചില ആളുകളുണ്ട്!' സ്വഹാബികൾ ചോദിച്ചു: 'പ്രവാചകരേ, അവർ ആരാണ്?' അവിടുന്നു പറഞ്ഞു: 'ഖുർആന്റെ ആളുകളാണവർ. അവരാണ് അല്ലാഹുവിന്റെ പ്രത്യേകക്കാർ!

ഖുർആൻ പഠനപാരായണങ്ങൾക്കൊരുങ്ങുന്നവർ, കേവലമായ പാരായണ ഗ്രന്ഥമല്ല ഖുർആൻ എന്ന് ആദ്യമേ തിരിച്ചറിയേണ്ടതുണ്ട്. ജീവിതത്തെ മാറ്റിപ്പണിയുക എന്നതാണ് ഖുർആന്റെ അവതരണ ലക്ഷ്യം. അനുഷ്ഠാന വ്യഗ്രതയോടെയാണ് വേദഗ്രന്ഥം പാരായണം ചെയ്യപ്പെടേണ്ടത്. അബ്ദുല്ലാഹിബ്നു മസ്ഊദ് (റ) പറയുന്നു: പ്രവാചകനിൽനിന്ന് പത്ത് ആയത്തുകൾ ഞങ്ങൾ പഠിച്ചുകഴിഞ്ഞാൽ അവയിൽ അടങ്ങിയിട്ടുള്ള കർമങ്ങൾ എന്താണെന്ന് മനസ്സിലാക്കാതെ അതിനു ശേഷമിറങ്ങിയ പത്ത് സൂക്തങ്ങൾ പഠിക്കാറുണ്ടായിരുന്നില്ല.' മറ്റൊരിക്കൽ അദ്ദേഹം പറഞ്ഞു: ഖുർആൻ അവതീർണമായിട്ടുള്ളത് ജനങ്ങൾ അതനുസരിച്ച് പ്രവർത്തിക്കുന്നതിനു വേണ്ടിയാണ്. എന്നാൽ, ആളുകൾ അതിന്റെ പാരായണം തന്നെ ഒരു തൊഴിലായി സ്വീകരിച്ചിരിക്കുന്നു. നിങ്ങളിൽ ഒരാൾ ഖുർആൻ തുടക്കം മുതൽ ഒടുക്കം വരെ ഒരക്ഷരം പോലും വിട്ടുപോവാതെ മുഴുവനായി ഓതിത്തീർക്കുന്നു, എന്നാൽ, അതനുസരിച്ചുള്ള പ്രവൃത്തി അയാൾ ഉപേക്ഷിക്കുകയും ചെയ്യുന്നു!).

ഖുർആൻ പഠിക്കുകയും പ്രയോഗവത്കരിക്കുകയും അതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നവർക്ക് അന്ത്യനാളിൽ അല്ലാഹുവിന്റെ വമ്പിച്ച പ്രതിഫലമാണ് ലഭിക്കുക, സൂര്യനെപ്പോലെ പ്രകാശിക്കുന്ന ഒരു കിരീടം ചാർത്തപ്പെടുമെന്നാണ് ആദ്യം കൊടുത്ത ഹദീസ് വ്യക്തമാക്കുന്നത്. ഭൂമിയിൽ പ്രകാശം പരത്തി ജീവിച്ച ഖുർആൻ പഠിതാക്കൾക്ക് പാരത്രികലോകത്ത് കിട്ടുന്ന അർഹമായ

പ്രതിഫലമാണത്! അവർക്കു മാത്രമല്ല, ഖുർആൻ പഠിക്കാൻ അവർക്ക് സാഹചര്യമൊരുക്കിയ അവരുടെ രക്ഷകർത്താക്കൾക്കും അന്ത്യനാളിൽ അല്ലാഹുവിന്റെ പ്രത്യേകമായ പരിഗണനയും കാരുണ്യവും ലഭിക്കും. മക്കളുടെ ജനനത്തിനും വിജ്ഞാനസമ്പാദനത്തിനും മാതാപിതാക്കളാണ് കാരണക്കാർ എന്നതുകൊണ്ടാണിത്.

അനസുബ്നു മാലിക് (റ) പറയുന്നു: നബി (സ) പറഞ്ഞു: ഒരാൾ തന്റെ സന്താനത്തെ ഖുർആൻ നോക്കി ഓതാൻ പഠിപ്പിച്ചാൽ അവന്റെ കഴിഞ്ഞതും വരാനിരിക്കുന്നതുമായ സർവപാപങ്ങളും പൊറുത്തു കൊടുക്കപ്പെടും. ഇനി ഒരുവൻ തന്റെ മകനെ ഖുർആൻ കാണാതെ പാരായണം ചെയ്യാനാണ് പഠിപ്പിച്ചതെങ്കിൽ അന്ത്യനാളിൽ പതിനാലാം രാവിലെ ചന്ദ്രനെപ്പോലെ അല്ലാഹു അവനെ ഉയിർത്തെഴുന്നേൽപിക്കുന്നതാണ്. അവന്റെ മകനോട് പറയപ്പെടും: 'ഖുർആൻ പാരായണം ചെയ്തുകൊള്ളൂ! ഓരോ സൂക്തം ഓതുന്നതിനനുസരിച്ച് പിതാവിന്റെ പദവി അല്ലാഹു ഉയർത്തിക്കൊണ്ടിരിക്കും. അങ്ങനെ ഖുർആൻ മുഴുവൻ അവൻ പാരായണം ചെയ്യുന്നതുവരെ അത് തുടരും!

# പ്രാർത്ഥനാ പഠനം

## ഉറക്കിൽനിന്ന് എഴുന്നേൽക്കുമ്പോൾ

الْحَمْدُ لِلَّهِ الَّذِي أَحْيَانا بَعْدَ مَا اَمَاتَنَا وَإِلَيْهِ النُّشُور.

''നമ്മെ മരിപ്പിച്ച് വീണ്ടും ജീവിപ്പിച്ച അല്ലാഹുവിനു സ്തുതി. ഉയിർത്തെഴുന്നേൽപും അവനിലേക്കു തന്നെ''